കന്നുകാലിത്തീറ്റിക്കുള്ള ടെൻഡർവിളി.

1752. [23] ശ്രീ. ടി. ഒ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ലൈവ് സ്റ്റോക്ക ഫാറങ്ങളിലെ ആവശ്യമുള്ള കന്നുകാലിത്തീറ്റിക്ക് ടെൻഡർ വിളിക്കാറുണ്ടോ?

(ബി) 1-4-1959 മുതൽ 31-3-1960 വരെയുള്ള ആവശ്യത്തിനും ടെൻഡർ വിളിച്ചിട്ടുണ്ടോ ?

(സി) തിരുവനന്തപുരം കൊടപ്പനക്കുന്ന് ഡിസ്പെൻസറി ലൈവ് സ്റ്റോക്ക ഫാറത്തിലേക്ക് ഇക്കൊല്ലം കന്നുകാലിത്തീറ്റിക്ക് ടെൻഡർ വിളിച്ചിരുന്നുവോ?

(ഡി) ടെൻഡർ വിളിച്ചിരുന്നെങ്കിൽ വയ്ക്കോലിനും എത്രപേർ ടെൻഡർ നൽകിയിരുന്നു?

(ഇ) കുറഞ്ഞ ടെൻഡർ ആരുടെതായിരുന്നു?

(എഫ്) ആർക്ക കരാർ കൊടുത്തു?

(ജി) കരാർകാരൻ 5-5-1959 മുതൽ തുടർന്നു വയ്ക്കോൽ നൽകേണ്ടതില്ലെന്നു കല്പന കൊടുത്തിട്ടുണ്ടോ?

(എച്ച്) കൊടുത്തെങ്കിൽ കാരണം എന്തു?

(ഐ) അതിനുശേഷം ആരോടാണു വയ്ക്കോൽ എടുത്തതു?

(ജെ) എന്തു വിലയ്ക്കു?

നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ :)

(എ) ഉണ്ടു.

(ബി) ഉണ്ടു.

(സി) വിളിച്ചിരുന്നു.

(ഡി) നാലുപേർ.

(ഇ) ശ്രീ. കെ. നീലകണ്ഠപ്പിള്ള, കൃഷ്ണവിലാസം പുത്തൻവീടു, ചെക്കിക്കോണം മുറി, കരകുളം, നെടുമങ്ങാടു.

(എഫ്) ആരുടെ പേരിലും സ്ഥിരപ്പെടുത്തിയതായി ഉത്തരവു കൊടുത്തിട്ടില്ല.

(ജി) ഏറ്റവും കുറഞ്ഞ നിരക്കിനു ടെൻഡർ കൊടുത്തിരുന്ന ശ്രീ. കെ. നീലകണ്ഠപ്പിള്ള താൽക്കാലിക ഉപയോഗത്തിനു ഇൻഡന്റു പ്രകാരം വയ്ക്കോൽ ആവശ്യപ്പെട്ടതു നൽകേണ്ടതില്ലെന്നു കല്പന കൊടുത്തിട്ടുണ്ടു.

(എച്ച്) ടെൻഡർ സംബന്ധിച്ചുള്ള മറ്റു പരാതികളെ പരിഗണിച്ചു ടെൻഡറുകളും സ്ഥിരപ്പെടുത്താത്തതുകൊണ്ടു.

(ഐ) രൊക്കവിലയ്ക്കു കൊടുത്തു നിലവിലുള്ള കമ്പോളനിരക്കിൽ വാങ്ങിവരുന്നു.

(ജെ) ഇപ്പോൾ പൗണ്ടിനു രൂപ തൊണ്ണൂറിനാലു നയാപൈസ വിലക്കു വാങ്ങിവരുന്നു.

Question put by Shri K. C. Abraham with the leave of the Chair.

LIBRARY ARCHIVES Kerala Legislative Assembly